"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - ഗാന്ധി നഗർ ഷോപ്പിംഗ് കോംപ്ലക്സിലെ റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസ് പ്രവർത്തിച്ചിരുന്ന ഓഫീസ് സ്പെയിസിന് പൊതുമരാമത്ത് നിരക്കിലുള്ള വാടക കുടിശ്ശികയും സിവിൽ ഇലക്ട്രിക്കൽ ബാദ്ധ്യതയും ഈടാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഐഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2309/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/12/2020

പരാമർശം:- വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 1210/സി-14/1981/ജിസിഡിഎ നമ്പർ കത്ത്, തീയതി 17.02.2019.

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റി വക ഗാന്ധിനഗർ ഷോപ്പിംഗ് കോംപ്ലക്സിൽ റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസ് പ്രവർത്തിച്ചിരുന്ന ഓഫീസ് സ്പെയ്സിന്റെ വാടക കുടിശ്ശികയും ഇതര ബാധ്യതകളും വിശാല കൊച്ചി വികസന അതോറിറ്റിക്ക് ഈടാക്കി നൽകുന്നതിനും 01.06.1980 മുതലുള്ള പിഴ പലിശ ഒഴിവാക്കുന്നതിനും 01.10.1996 മുതൽ പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലേക്ക് വാടക പുതുക്കിയാൽ മതിയെന്നുമുള്ള ജനറൽ കൗൺസിൽ തീരുമാനത്തിന് സർക്കാർ അംഗീകാരം നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിശാല കൊച്ചി വികസന അതോറിറ്റി വക ഗാന്ധിനഗർ ഷോപ്പിംഗ് കോംപ്ലക്സിൽ റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസ് പ്രവർത്തിച്ചിരുന്ന മുറികൾക്ക് പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിൽ വാടക ഈടാക്കാനുള്ള 31/12/1996-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനവും 25/07/1998-ലെ ജനറൽ കൗൺസിൽ തീരുമാനവും അംഗീകരിച്ച് ഉത്തരവാകുന്നു. പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലുള്ള വാടക കുടിശ്ശികയും സിവിൽ ഇലക്ട്രിക്കൽ ബാദ്ധ്യതയായ 13,000 രൂപയും ഈടാക്കുന്നതിനും വിശാല കൊച്ചി വികസന അതോറിറ്റിക്ക് ഇതിനാൽ അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി. എറണാകുളം

(PTO)

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) , കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ) , കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ